**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 784** **28-01-2026 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെയും പരിപാടികളുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മഞ്ചേശ്വരം താലൂക്കിൽ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>എല്ലാ വർഷവും നിക്ഷേപ സമാഹരണ യജ്ഞം, കുടിശ്ശിക നിവാരണ യജ്ഞം മുതലായവ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. എല്ലാ വർഷവും ജൂൺ 05 ന് പരിസ്ഥിതി ദിനത്തിൽ "ഹരിതം സഹകരണം" പദ്ധതി വഴി സഹകരണ സംഘങ്ങളിലൂടെ വൃക്ഷ തൈകളും, ഫലവൃക്ഷ തൈകളും നട്ടുപിടിപ്പിക്കുകയും അംഗങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2025 വർഷത്തിൽ ഔഷധ സസ്യങ്ങൾ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സുഭിക്ഷകേരളം പദ്ധതിയിലൂടെ താലൂക്കിലെ വിവിധ സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ നെൽകൃഷി, പച്ചക്കറി കൃഷി മുതലായവ നടപ്പിലാക്കിയിട്ടുണ്ട്. വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി ഉത്സവകാല ചന്തകൾ എല്ലാ വർഷവും ഓണം/ക്രിസ്തുമസ്/ബക്രീദ് കാലയളവിൽ താലൂക്കിലെ വിവിധ സംഘങ്ങളിലൂടെ നടപ്പിലാക്കിവരുന്നുണ്ട്.<br><br>സഹകരണ മേഖലയിൽ വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിന്റെ ഭാഗമായും സഹകരണ വാരാഘോഷം പരിപാടിയുടെ ഭാഗമായും സെമിനാറുകളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.<br><br>മഞ്ചേശ്വരം താലൂക്കിലെ പെർള സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ സി. 3377 ന് അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിച്ച ധനസഹായം വഴി ഗോഡൗൺ നിർമ്മിക്കുകയും അതുവഴി കാർഷിക ഉപകരണങ്ങൾ, മെഷനറികൾ, വളം ഡിപ്പോ മുതലായവ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഹോർട്ടികൾച്ചറൽ ഹബ്ബ് പദ്ധതി വഴി 5 ഏക്കർ സ്ഥലത്ത് റംബൂട്ടാൻ കൃഷി ആരംഭിച്ചിട്ടുണ്ട്. ആയതിന് 25.09.2025 വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി നൽകിയിട്ടുണ്ട്.<br><br>അംഗഡിമുഗർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 3373 ൽ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിച്ച ധനസഹായം വഴി ഫാർമേഴ്സ് സ്റ്റഡി സെന്റർ പ്രവർത്തനവും ഗോഡൗൺ നിർമ്മാണ പ്രവർത്തനവും നടന്നുവരുന്നു.<br><br>മഞ്ചേശ്വരം താലൂക്കിലെ കാസർഗോഡ് ജില്ലാ സഹകരണ ആശുപത്രി സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 42 ൽ പെയിഡ് പാലിയേറ്റീവ് പദ്ധതി, സംഘത്തിന്റെ കീഴിലുള്ള കുമ്പള, ചെങ്കള, മുള്ളേരിയ എന്നീ 3 ആശുപത്രി യൂണിറ്റുകളിൽ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ സംഘത്തിന് ചെങ്കളയിലെ ആശുപത്രി യൂണിറ്റിന് സി.ടി സ്കാൻ സ്ഥാപിക്കുന്നതിന് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.<br><br>സഹകരണ റിസ്ക് ഫണ്ട് പദ്ധതി, അംഗ സമാശ്വാസ പദ്ധതി മുതലായവ മഞ്ചേശ്വരം താലൂക്കിലെ സഹകരണ സ്ഥാപനങ്ങളിലെ അർഹതപ്പെട്ട 'എ' ക്ലാസ് അംഗങ്ങൾക്ക് നൽകിവരുന്നുണ്ട്. സഹകരണ മേഖലയിലെ പുരോഗതിയ്ക്കായി വർഷങ്ങളോളം പ്രവർത്തിച്ചിട്ടുള്ളതും ഇപ്പോൾ അവശതയോ സാമ്പത്തിക പ്രതിസന്ധിയോ അനുഭവിക്കുന്നതുമായ മുൻകാല സഹകരണ പ്രവർത്തകരുടെ സാമൂഹിക ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സഹകാരി സാന്ത്വനം പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ